**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1646** **31-08-2022 - ൽ മറുപടിയ്ക്ക്**

**മുണ്ടേരി ഫാമിലെ തൊഴിലാളി നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ മുണ്ടേരി കൃഷി ഫാമിൽ നിലവിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്യുന്നതെന്ന് അറിയിക്കാമോ; 2015 ലും 2021 ലും പുതുതായി എത്ര തൊഴിലാളി നിയമനങ്ങൾ നടന്നുവെന്ന് തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ മുണ്ടേരി കൃഷി ഫാമിൽ നിലവിൽ 286 തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. (സ്ഥിരം തൊഴിലാളികൾ സ്ത്രീകൾ-20, പുരുഷന്മാർ - 168) (കാഷ്വൽ തൊഴിലാളികൾ സ്ത്രീകൾ- 26, പുരുഷന്മാർ - 72 )<br><br>2015 ൽ 183 ഉം (സ്ത്രീകൾ - 8 പുരുഷന്മാർ - 175), 2021 ൽ 98 ഉം (സ്ത്രീകൾ - 26 പുരുഷന്മാർ - 72) തൊഴിലാളികൾക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | മുണ്ടേരി ഫാമിൽ നിലവിൽ ഒഴിവുള്ള തസ്തികകളുടെ വിവരവും എണ്ണവും വ്യക്തമാക്കാമോ; ആകെ തൊഴിലാളികളുടെ 2 ശതമാനം നിയമനം ആദിവാസി വിഭാഗങ്ങൾക്ക് നൽകുന്ന തൊഴിൽ സംവരണ നിയമങ്ങൾ അനുസരിച്ചുള്ള നിയമനങ്ങൾ നിലമ്പൂർ ഐ.ടി.ഡി.പി. മുഖാന്തിരമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (ബി) | മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ 70 തൊഴിലാളികളുടെ ( സ്ത്രീകൾ - 8 പുരുഷന്മാർ - 62 ) ഒഴിവുകൾ നിലവിലുണ്ട്.<br><br>സർക്കാർ ഉത്തരവ് (സാധാ) 1219/2012/കൃഷി തീയതി 06.06.2012 പ്രകാരം കൃഷിവകുപ്പിന്റെ കീഴിലുള്ള സ്പെഷ്യൽ ഫാമുകളിലെ കാഷ്വൽ തൊഴിലാളി നിയമനത്തിൽ, ടി ഫാമുകളുടെ സമീപ പ്രദേശത്തുള്ള ആദിവാസി വിഭാഗത്തിൽ പ്പെട്ടവർക്ക് 10% സംവരണം ചെയ്ത് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം 10% ആദിവാസി വിഭാഗക്കാരെ നിയമനത്തിനായി പരിഗണിച്ചിട്ടുണ്ട്.<br><br>നിയമനങ്ങൾ നിലമ്പൂർ ഐ.ടി.ഡി.പി. മുഖാന്തിരമാക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | മുണ്ടേരി ഫാമിൽ നിലവിലുള്ള കാഷ്വൽ തൊഴിലാളികളല്ലാത്ത ജീവനക്കാരുടെ തസ്തിക, വിശദാംശം എന്നിവ ലഭ്യമാക്കുമോ? | (സി) | ഫാമിൽ കാഷ്വൽ തൊഴിലാളികളല്ലാത്ത 188 തൊഴിലാളികൾ (സ്ത്രീകൾ-20, പുരുഷന്മാർ-168) സേവനമനുഷ്ഠിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ